# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4076

16.03.2017-ൽ മറുപടിയ്ക്ക്

## തേക്ക് പ്ലാന്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ നിലവിൽ എവിടെയൊക്കെ തേക്ക് പ്ലാന്റേഷൻ പണികൾ (പുതിയ തേക്ക് തൈനടീൽ) നടക്കുന്നുണ്ട്; വിശദമാക്കുമോ: | എ) വനം വകുപ്പിലെ റാന്നി ഡിവിഷനിൽ വടശ്ശേരിക്കര റെയിഞ്ചിൽ അട്ടകുഴിയിൽ 52.71 ഹെക്ടർ സ്ഥലത്തും. കോന്നി ഡിവിഷനിലെ പാറക്കടവിൽ 16.5 ഹെക്ടർ സ്ഥലത്തും, വയക്കരയിൽ 30.5 ഹെക്ടർ സ്ഥലത്തും. നിലമ്പൂർ സൗത്ത് ഡിവിഷനിൽ 1961 റ്റി.പി.ശങ്കരംകോട്ട തേക്കുതോട്ടം മുറിച്ച് മാറ്റുന്ന സ്ഥലത്തും, കാസർകോട് ഡിവിഷനിൽ 1956 തേക്കുതോട്ടം മുറിച്ച് മാറ്റുന്ന സ്ഥലത്തും 2017-18 വർഷത്തിൽ തേക്ക് തൈകൾ നട്ടുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) വനം വകുപ്പ് നേരിട്ട് നാളുകളായി ചെയ്തു വരുന്ന തേക്ക് പ്ലാന്റേഷൻ പണികൾ തീരെ നിലവാരം ഇല്ലാത്തതും വൻ അഴിമതി നിറഞ്ഞതാണെന്ന് ആക്ഷേപമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) തേക്ക് പ്ലാന്റേഷൻ പണികൾ കുറ്റമറ്റതാക്കാൻ മത്സര സ്വഭാവമുള്ള ഇ-ടെണ്ടർ ക്ഷണിച്ച് തേക്ക് തൈകൾ നട്ടുപിടിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; നിശ്ചിത വർഷത്തേക്ക് | സി) 22.12.1989 തീയതിയിലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 118/89/വനം പ്രകാരമുള്ള കൺവീനർ സിസ്റ്റത്തിലാണ് നാളിതുവരെ പ്ലാന്റേഷൻ ജോലികൾ നടന്നു വന്നിരുന്നത്. കൺവീനർ സിസ്റ്റത്തിനു പകരം കരാർ വ്യവസ്ഥ നടപ്പിലാക്കുന്നതിന് 25.07.2016 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ |

| | | |
|---|---|---|
| | പ്രസ്തുത തേക്ക് തൈകൾ സംരക്ഷിക്കുന്നതിനും കോൺട്രാക്ടറെ ഏല്പിക്കാൻ നടപടി സ്വീകരിക്കുമോ; | 28/2016/വനം പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) | നിലവിൽ നടത്തിവരുന്ന തേക്ക് പ്ലാന്റേഷൻ പണികളിൽ കുഴി എടുക്കുന്നതിലും തേക്ക് തൈകൾ നടുന്നതിലും നടുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കൂട്ടിക്കാണിച്ചും മറ്റും സർക്കാരിന്റെ പണം തട്ടിയെടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഡി) നിലവിൽ നടത്തി വരുന്ന തേക്ക് പ്ലാന്റേഷൻ പണികളിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**